# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ്
# (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 11/2022
# 26.02.2023 എ.കെ.ജി.സി.ടി. ഭവൻ

## മിനിട്സ്

**അജണ്ട**

1. അനുശോചനം
2. ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിങ്, വരവ് ചിലവ് കണക്ക്
3. ജില്ലാറിപ്പോർട്ട്
4. സംഘടന
5. സംസ്ഥാനസമ്മേളനം
6. ആവശ്യമായ മറ്റ് കാര്യങ്ങൾ

**ഹാജർ**

ഡോ. പി. പി. പ്രകാശൻ, ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ. എൻ. മനോജ്, സന്തോഷ് ടി. വർഗീസ്, ഡോ. ഗീതാനമ്പ്യാർ എം. കെ., ഡോ. വിനു ഭാസ്കർ, ഡോ. എം. എസ്. മുരളി, രഘുദാസ് പി. വി., ശശി സി. ടി, ഡോ. പ്രിൻസ് പി. ആർ., ഡോ. സുമി ജോയി ഓലിയപുറം, ഡോ. സഞ്ജയ് കുമാർ എസ്., ഡോ. ടി. എ. ആനന്ദ്, ഡോ. ദിനേശ് കുമാർ,ഡോ.ആനന്ദ് ദിലീപ് രാജ്, ഡോ.കെ. മാണിക്യരാജ്, ഡോ. എ. ബാലകൃഷ്ണൻ, ഡോ. റിജുലാൽ ജി., ഡോ. ജോജോമോൻ എൻ. എ., ഡോ. രഞ്ജിത് മോഹൻ പി., അനൂപ് ജെ ആലക്കപ്പള്ളി, ആൽബർട്ട് ആന്റണി ടി., രജിത സി. ആർ., ഡോ. വിഷ്ണു വി. എസ്., ഡോ. എം. എ. അസ്കർ, രാജു എം.സി., സജിത്കുമാർ പി, സൗമ്യ.എസ്, ആസിഫ് ഇക്ബാൽ കാക്കശ്ശേരി, ഡോ. ഷാനവാസ് പി. എച്ച്., ഡോ. ഗായത്രിദേവി, ഡോ.ജയരാജ് ജെ, സുശാന്ത്.പി, ഡോ.അശോക് ബി, ഡോ. റോസ്നിക്സ് പി.കെ, ഡോ.ബേബി ഷീബ സി. പി., ഡോ. ചന്ദ്രമോഹൻ കെ. ടി., ഡോ. ജിനേഷ് പി. എസ്.

രാവിലെ 10ന് എ.കെ.ജി.സി.ടി ഭവനിൽ ചേർന്ന യോഗത്തിൽ സംസ്ഥാന പ്രസിഡണ്ട് ഡോ. പി. പി. പ്രകാശൻ ആധ്യക്ഷ്യം വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. മുഹമ്മദ് റഫീഖ്.ടി റിപ്പോർട്ട് അവതരിപ്പിച്ചു. സംസ്ഥാന ട്രഷറർ ഡോ. എൻ. മനോജ് അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

പ്രശസ്ത ചലച്ചിത്ര - സീരിയൽ താരം സുബിസുരേഷ്, മോഹിനിയാട്ടം കലാകാരി ഡോ. കനക് റെലെ, പ്രശസ്ത ഗായിക വാണി ജയറാം, മുൻ കേന്ദ്ര നിയമവകുപ്പ് മന്ത്രി ശാന്തി ഭൂഷൺ, തുർക്കിയിലും സിറിയയിലും ഉണ്ടായ ഭൂകമ്പത്തിൽ മരണമടഞ്ഞവർ എന്നിവരുടെ വേർപാടിൽ എ.കെ.ജി.സി.ടി. സംസ്ഥാന പ്രവർത്തക സമിതി യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളേ,

പ്രിൻസിപ്പൽ നിയമനം സംബന്ധിച്ച വിഷയത്തിൽ സംഘടനയുടെ നിരന്തരമായ ഇടപെടലുകളെത്തുടർന്ന് കോളേജ് വിദ്യാഭ്യാസ വകുപ്പ് സെലക്ഷൻ

കമ്മറ്റി അംഗീകരിച്ച പ്രിൻസിപ്പൽമാരുടെ കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികൾ കോളേജ് വിദ്യാഭ്യാസ വകുപ്പ് ഉന്നത വിദ്യാഭ്യാസവകുപ്പിന് നൽകിയിട്ടുണ്ട് ഇത് അപ്പീൽ കമ്മറ്റി പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്. പ്രൊഫസർഷിപ്പ് സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ വകുപ്പ് പ്രാഥമിക ലിസ്റ്റ് പ്രസിദ്ധീകരിച്ചു. എത്രയും വേഗം ഉത്തരവ് ഇറങ്ങുന്നതാണ്.

പുതുതായി പ്ലെയ്സ്മെന്റിനുള്ള അപേക്ഷ ഉടൻ വിളിക്കുന്നതാണ്. എ.ജി.പി 7000-8000 ഉത്തരവുകൾ താമസിയാതെ ഇറങ്ങുന്നതാണ്. ബി. ഓപ്ഷൻ അനുസരിച്ചുള്ള അസോസിയേറ്റ് പ്രൊഫസർമാരുടെ ഉത്തരവ് ഇറങ്ങി, പരാതി ഉള്ളവർക്ക് അവ പരിഹരിക്കാൻ അവസരവും ഉണ്ടാവുന്നതാണ്. പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങൾ തീരുമാനിക്കുന്നതിനു വേണ്ടി ഉന്നതവിദ്യാഭ്യാസവകുപ്പ് വിളിച്ചു ചേർത്ത ചർച്ചയിൽ സംഘടനാ നേതൃത്വം പങ്കെടുക്കുകയും കൃത്യമായ നിലപാട് അറിയിക്കുകയും ചെയ്തു. സംഘടനയുടെ ശക്തമായ ഇടപെടലിനെ തുടർന്ന് കോളേജ് അധ്യാപകരുടെ 2023-24 വർഷത്തെ പൊതു സ്ഥലംമാറ്റ നടപടികൾ നാളിതുവരെ നടന്ന രീതിയിൽ ആരംഭിക്കുന്നതിനു വേണ്ടിയുള്ള സർക്കുലർ ഉടൻ ഇറങ്ങുന്നതാണ്. അധ്യാപകരുടെ പ്രൊമോഷൻ, അറബിക് അധ്യാപകരുടെ സർവീസ് വിഷയം എന്നിവയിൽ സംഘടന സജീവമായി ഇടപെട്ടു വരുന്നു, മ്യൂസിക് കോളേജ് അധ്യാപകരുടെ യു.ജി.സി., നമുക്ക് ലഭിക്കാനുള്ള ഡി.എ കുടിശ്ശിക തുടങ്ങിയ വിഷയങ്ങളിൽ സംഘടനയുടെ സജീവ ഇടപെടൽ നടന്നുവരുന്നു.

ഹരിയാനയിൽ മാർച്ച് 17, 18, 19 തീയ്യതികളിൽ നടക്കുന്ന ഐഫെക്ടോ അക്കാദമിക് കോൺഫറൻസിൽ പങ്കെടുക്കുന്നതിനുള്ള ഒരുക്കങ്ങൾ നടന്നുവരുന്നു. കാസർഗോഡ് കോളേജിൽ ഉണ്ടായ സംഭവവികാസം അക്കാദമിക് സമൂഹത്തിന് ഒട്ടും അഭിലഷണീയമല്ല. കരിക്കുലം പരിഷ്കരണവുമായി ബന്ധപ്പെട്ട് ഉന്നത വിദ്യാഭ്യാസ വകുപ്പ് സംഘടനകളെ ചർച്ചയ്ക്ക് വിളിക്കുന്നതാണ്. അതിൽ നമ്മുടെ നിലപാട് അറിയിക്കണം. സംസ്ഥാന സമ്മേളനത്തിന്റെ സ്വാഗതസംഘം 25.02.2023ന് കോട്ടയത്ത് ചേർന്നു.

ഈ വർഷത്തെ സംഘടനയുടെ പ്രവർത്തന റിപ്പോർട്ടും, വരവ് ചിലവ് കണക്കും ഇന്ന് അവതരിപ്പിക്കും. അതിൽ വിശദമായ ചർച്ച ഉണ്ടാവണം. സംസ്ഥാനസമ്മേളനത്തിൽ പരമാവധി അംഗങ്ങളുടെ പ്രാതിനിത്യം ഉറപ്പാക്കുന്നതിനും, സമ്മേളന ഫണ്ട് സമയബന്ധിതമായി സമാഹരിക്കുന്നതിനും സജീവമായ ഇടപെടൽ നടത്തണം.

ജനറൽസെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ടിൻമേലും, ട്രഷറർ അവതരിപ്പിച്ച വരവ് ചിലവ് കണക്കിലും, മറ്റു വിഷയങ്ങളിലും സംസ്ഥാനപ്രവർത്തകസമിതി അംഗങ്ങൾ വിശദമായ ചർച്ച നടത്തി. തുടർന്ന് താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തു.

**തീരുമാനങ്ങൾ**

1. സംസ്ഥാന സമ്മേളനത്തിന്റെ പതാകദിനം മാർച്ച് 14 ന് ആചരിക്കണം.
2. മാർച്ച് 24, 25, 26 തീയ്യതികളിൽ കോട്ടയത്ത് വെച്ച് നടക്കുന്ന സംസ്ഥാന സമ്മേളനത്തിൽ പരമാവധി അംഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പാക്കാൻ തീരുമാനിച്ചു.
3. സംസ്ഥാന സമ്മേളനത്തിൽ അവതരിപ്പിക്കുന്ന റിപ്പോർട്ടിനും, വരവ് ചിലവ് കണക്കിനും പ്രവർത്തകസമിതി അംഗീകാരം നൽകി.

4. സമ്മേളന ഫണ്ട് അംഗങ്ങളിൽ ഈ മാസം പത്താം തീയ്യതിക്കകം സമാഹരിക്കുവാൻ തീരുമാനിച്ചു.
5. കരിക്കുലം കമ്മറ്റിയുമായി ബന്ധപ്പെട്ട് ഉന്നതവിദ്യാഭ്യാസവകുപ്പ് വിളിച്ച് ചേർക്കുന്ന സംഘടനകളുടെ യോഗത്തിൽ സംഘടനയുടെ കൃത്യമായ നിലപാട് അറിയിക്കും.
6. അറബിക് അധ്യാപകരുടെ സർവീസ് വിഷയം, മ്യൂസിക് കോളേജ് അധ്യാപകരുടെ യു.ജി.സി, ഡി.എ കുടിശ്ശിക, പി.എച്ച്.ഡി. അഡ്വാൻസ് ഇൻക്രിമെന്റ് എന്നിവ സംബന്ധിച്ച വിഷയങ്ങളിൽ സജീവ ഇടപെടൽ നടത്തുന്നതാണ്.
7. എത്രയും വേഗം അധ്യാപകരുടെ 2023-24 വർഷത്തെ പൊതുസ്ഥലംമാറ്റ സർക്കുലർ പുറത്തിറക്കുവാൻ വേണ്ട ഇടപെടൽ നടത്തും.

യോഗം വൈകിട്ട് 5.00 മണിക്ക് അവസാനിച്ചു.

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
26-02-2023

ഡോ. മുഹമ്മദ് റഫീഖ് ടി.
ജനറൽ സെക്രട്ടറി